## കേരള സർക്കാർ

<u>സംഗ്രഹം</u>

**തദ്ദേശ സ്വയംഭരണ വകുപ്പ് – കൊല്ലം ജില്ല–ഓച്ചിറ ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായ കുളം പുറമ്പോക്ക് എസ്.എൻ.ഡി.പി. ശാഖയ്ക്ക് വിട്ടുനൽകിക്കൊണ്ടുള്ള ഗ്രാമ പഞ്ചായത്തിന്റെ തീരുമാനം റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ. (സാധാ)നം. 1563/2012/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 8-6-2012.

---

**പരാമർശം :-**

1. 13-1-2010-ലെ സ.ഉ. (സാധാ) 143/2010/ആർഡി നമ്പർ ഉത്തരവ്.
2. ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 28-6-2011-ലെ IV -ാം നമ്പർ തീരുമാനം.
3. ഓച്ചിറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11-7-2011-ലെ ഒ.പി 3-1005-11 നമ്പർ കത്ത്.
4. സ.ഉ. (സാധാ) നം. 2312/11/തസ്വഭവ തീയതി 10-10-11
5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രൈബ്യൂണലിന്റെ 26-3-12-ലെ 1/2011 നമ്പർ റിപ്പോർട്ട്

<u>ഉത്തരവ്</u>

കൊല്ലം ജില്ലയിലെ ഓച്ചിറ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ ഓച്ചിറ വില്ലേജ് ബ്ളോക്ക് നമ്പർ 3 റീ സർവ്വേ നമ്പർ 278/4-ൽപ്പെട്ട 12 സെന്റ് കുളം പുറമ്പോക്ക് ഭൂമി ആർക്കും പതിച്ചു നൽകാൻ കഴിയില്ലെന്നും പ്രസ്തുത ഭൂമി അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് പൊതുസ്വത്തായി നില നിർത്തണമെന്നും പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത പുറമ്പോക്ക് സ്ഥലം ചങ്ങൻകുളങ്ങര തെക്ക് 556-ാം നമ്പർ എസ്.എൻ.ഡി.പി. ശാഖയുടെ കൈവശത്തിലായതിനാൽ കുളം പുറമ്പോക്ക് അവർക്ക് വിട്ടുനൽകുന്നതിനു പരാമർശം (2) പ്രകാരം ഓച്ചിറ ഗ്രാമപഞ്ചായത്ത് തീരുമാനിച്ചു. പ്രസ്തുത കുളം പുറമ്പോക്ക് ഭൂമി സംരക്ഷിക്കുന്നതിനുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 218 വകുപ്പ് പ്രകാരം കുളം പുറമ്പോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായതിനാലും പ്രസ്തുത പുറമ്പോക്ക് സ്ഥലം ആർക്കും പതിച്ചു നൽകാൻ പാടില്ലെന്ന പഞ്ചായത്ത് സെക്രട്ടറിയുടെ അഭിപ്രായം പരിഗണിക്കാതെയുമാണ് സ്ഥലം വിട്ടുനൽകാൻ പഞ്ചായത്ത് തീരുമാനമെടുത്തതെന്നു പരാമർശം (3) പ്രകാരം പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ടു ചെയ്തിട്ടുണ്ട്. പരാമർശം (4) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ തീരുമാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രൈബ്യൂണലിന്റെ പരിഗണനയ്ക്ക് വിട്ടപ്പോൾ, ഓച്ചിറ പഞ്ചായത്തിന്റെ 28-6-11-ലെ VI -ാം തീരുമാനം ന്യായമല്ലെന്നും, ആയത് നിയമത്തിന്റെ ദുരുപയോഗമാണെന്നും ട്രൈബ്യൂണൽ പരാമർശം (5) ലെ റിപ്പോർട്ട് പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

മേൽ സാഹചര്യത്തിൽ ഓച്ചിറ ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായ ഓച്ചിറ വില്ലേജ് ബ്ളോക്ക് നമ്പർ 3, റീ. സർവ്വേ നമ്പർ 278/4-ൽപ്പെട്ട 12 സെന്റ് കുളം പുറമ്പോക്ക് ഭൂമി ചങ്ങൻകുളങ്ങര തെക്ക് എസ്.എൻ.ഡി.പി. ശാഖയ്ക്ക് വിട്ടു നൽകിക്കൊണ്ടുള്ള പരാമർശം (2)-ലെ ഓച്ചിറ ഗ്രാമപഞ്ചായത്ത് തീരുമാനം കേരള പഞ്ചായത്ത് രാജ് ആക്ടിലെ 191 (1) വകുപ്പ് പ്രകാരമുള്ള അധികാരം ഉപയോഗിച്ച് റദ്ദ് ചെയ്ത് ഉത്തരവു പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ജെയിംസ് വർഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി.

**To**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ, തദ്ദേശസ്വയംഭരണ ആഡിറ്റ് & അക്കൗണ്ട്സ്, തിരുവനന്തപുരം
ജില്ലാ കളക്ടർ, കൊല്ലം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
സെക്രട്ടറി, ഓച്ചിറ ഗ്രാമപഞ്ചായത്ത് , കൊല്ലം -690526
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
റവന്യൂ (U) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.